"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി -മലപ്പുറം ജില്ല-കോവിഡ്-19 ബാധിച്ച മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി ആർ എഫ്-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4214/2022/RD    തീയതി,തിരുവനന്തപുരം, 18-10-2022

---

പരാമർശം:-

1. സ .ഉ (കൈ ) നമ്പർ .203/2021 റവ. തീയതി 22/10/2021
2. സ .ഉ(സാധാ ) നമ്പർ .2771/2022 റവ. തീയതി 24/6/2022
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/9/2022 തീയതിയിലെ L.R/4401/2021-L.R(H1) നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ്-19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (D.B.T) ആയി ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ മൂന്നു വർഷ കാലയളവിലേക്ക് (36മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ് .ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ 312 കുടുംബങ്ങൾക്ക് പരാമർശം (2) പ്രകാരം ഒന്നാം ഗഡു ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട് .പ്രസ്തുത 312 കുടുംബങ്ങൾക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതിലേക്കായി 15,60,000/- രൂപയും പുതിയതായി ശുപാർശ നൽകിയിട്ടുള്ള 340 കുടുംബങ്ങൾക്ക് ആദ്യ ഗഡു വിതരണത്തിനായി 17,00,000/- രൂപയും ഉൾപ്പടെ ആകെ **32,60,000/-(മുപ്പത്തിരണ്ടു ലക്ഷത്തി അറുപതിനായിരം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുള്ളതാണ് .

2.മേൽ വിഷയം സർക്കാർ പരിശോധിച്ചു.കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മലപ്പുറം ജില്ല കളക്ടർ ക്ക് **32,60,000/-രൂപ (മുപ്പത്തിരണ്ടു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം )** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ഉത്തരവാകുന്നു.

3.വിതരണത്തിന് ആവശ്യമായി വരുന്ന **32,60,000/-രൂപ (മുപ്പത്തിരണ്ടു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം )** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതാണ്. ജില്ലാകളക്ടർ തുക വിതരണംചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ

അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂതിരുവനന്തപുരം
ജില്ലാ കളക്ടർ ,മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി( മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക ( വെബ് /ന്യൂ മീഡിയ ) വകുപ്പ്
റവന്യൂ ഡി ആർ എഫ് ( എ & സി ) വകുപ്പുകൾ

പകർപ്പ്:-
ബഹു .മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി .എ യ്ക്ക്
കരുതൽ ഫയൽ / ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ